**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1250** **20.03.2012 ൽ മറുപടിക്ക്**

**എം.സി. റോഡിലെ അനധികൃത കയ്യേറ്റം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) നവീകരണം പൂർത്തിയായ എം.സി. റോഡിലെ പഴയ റോഡിന്റെ ഭാഗങ്ങൾ അനധികൃത കയ്യേറ്റങ്ങളിൽ നിന്നും ഒഴിവാക്കുന്നതിന് കെ.എസ്.ടി.പി. നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ ; | (എ) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ കൊട്ടാരക്കര കെ.എസ്.ടി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി യിട്ടുണ്ട്. കയ്യേറുന്ന ആൾക്കാർക്ക് ഉടൻ തന്നെ നോട്ടീസ് നൽകി ഒഴിപ്പിക്കുന്ന നടപടി സ്വീകരിക്കു ന്നുണ്ട്. |
| (ബി) അനധികൃതമായി കയ്യേറിയിട്ടുള്ള ഭാഗങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (ബി) നിരത്തുകൾ, ദേശീയപാത എന്നിവിടങ്ങളിലെ അനധികൃത കയ്യേറ്റം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ വ്യവസ്ഥ കൾ പ്രകാരം ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാനുള്ള അനുമതി കെ.എസ്.ടി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സർക്കാർ നൽകിയിട്ടുണ്ട്. ആയതിനാൽ കയ്യേറ്റം നടത്തുന്ന വർക്ക് നോട്ടീസ് നൽകി നിയമപരമായി കയ്യേറ്റം ഒഴിപ്പി ക്കുന്നതിന് കെ.എസ്.ടി.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കയ്യേറ്റം ഒഴിവാക്കുന്നതിന്റെ ഭാഗമായി കൊട്ടാരക്കര പട്ടണത്തിന്റെ നവീകരണത്തിനായി സമർപ്പിച്ച പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | കൊട്ടാരക്കര പട്ടണത്തിന്റെ നവീകരണത്തിനായി കെ.എസ്.ടി.പി. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഫുട്പാത്ത് നിർമ്മിക്കുക, ഹാൻഡ്റെയിൽ വയ്ക്കുക, ആവശ്യമുള്ളിടത്ത് ഓട പണിയുക, ഓടയുടെ മുകളിൽ ഇന്റർലോക്കിങ്ങ് ബ്ലോക്കുകൾ പാകുക, ആവശ്യമുള്ള റോഡ് മാർക്കിംഗ്, സൈനേജുകൾ സ്ഥാപിക്കുക എന്നിവയാണ് ഉള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ? | (ഡി) | കൊട്ടാരക്കര പട്ടണത്തിന്റെ നവീകരണത്തിന്റെ ഭാഗമായി ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകാരം കിട്ടിയാലുടൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ